كنيسة سنت جريجوريوس الهند أورتودوكس
**ST. GREGORIOS INDIAN ORTHODOX CHURCH**
**Post Box No. 3156, Fujairah, UAE. Tel: 2225300**

Press Release 17.11.2015

# കാതോലിക്കാ ബാവാ ഫുജൈറയിൽ എത്തുന്നു

**ഫുജൈറ: യു.എ.ഇ-** മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നവംബർ 26–ാം തീയതി ഫുജൈറയിൽ എത്തുന്നു.

മലങ്കര സഭയുടെ ബാംഗ്ലൂർ ഭദ്രാസനത്തിൻെറ കീഴിലുള്ള ഫുജൈറ സെൻറ്.ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ ശ്ലൈഹീക സന്ദർശനത്തിനും, അനുഗ്രഹാശിസുകൾ നേരാനുമായി എത്തുന്ന പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ഷാർജ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നവംബർ 26–ാം തീയതി വൈകുന്നേരം വരവേൽപ്പ് നൽകും.

നവംബർ 27–ാം തീയതി വെള്ളിയാഴ്ച്ച രാവിലെ 6:45–ന് പരിശൂദ്ധ കാതോലിക്കാ ബാവായെ ദേവാലയത്തിലേക്ക് സ്വീകരിച്ചാനയിക്കും. 7:00 മണിക്ക് പ്രഭാത നമസ്ക്കാരവും തുടർന്ന് വി.കുർബ്ബാനയും അർപ്പിക്കും. 11:00 മണിക്ക് മലങ്കരയുടെ നവോത്ഥാന നായകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ തിരുമേനിയുടെ 200–ാം ചരമ വാർഷിക അനുസ്മരണ സമ്മേളനം പ.കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്യുകയും, സ്മരണികയുടെ പ്രകാശന കർമ്മം നിർവ്വഹിക്കുകയും ചെയ്യും.

ഉച്ചയ്ക്ക് 2:00 മണിക്ക് നടക്കുന്ന ഇടവക സംഗമത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തും. നവംബർ 28–ാം തീയതി ഫുജൈറ സന്ദർശനം പൂർത്തിയാക്കി ബാവാ കേരളത്തിലേക്ക് മടങ്ങും.

പരിശുദ്ധ ബാവായുടെ സ്വീകരണ ക്രമീകരണങ്ങൾക്കായി വികാരി ഫാ.ലിജോ ജോസഫ്, ട്രസ്റ്റി ഡോ.കെ.സി.ചെറിയാൻ, സെക്രട്ടറി ജോജു മാത്യൂ, ജനറൽ കൺവീനർ സി.എസ്.ജോസ് എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി പ്രവർത്തിക്കുന്നു.